(ഇ) ചന്തസ്ഥലത്തല്ലാതെ നടത്തിയ പ്രദർശനങ്ങളും ഏതെല്ലാം ദിവസങ്ങളിലാണ് നടത്തിയിട്ടുള്ളത്;

(എഫ്) ഇത്തരം പ്രദർശനങ്ങൾക്ക് പന്തലുകളും ഷെഡുകളും പണിയുന്നതിലേക്ക് സഹായധനം കൊടുക്കാവുന്നതാണോ;

(ജി) ഈ സഹായധനം കൊടുക്കുന്നതിനു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനാരാണ്;

(എച്ച്) ചിലവുകൾക്കു കണക്കുകൾ ഹാജരാക്കാവുന്നതാണോ;

(ഐ) ചിലവുകൾക്ക് ഹാജരാക്കിട്ടുള്ള വൌച്ചർ പ്രകാരം ആരുക്കെങ്കിലും സംഖ്യ കൊടുക്കുവാനുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാമാണ്?

മിസ്റ്റർ പറമ്പി ലോനപ്പൻ :

(എ) ഈ കൊല്ലത്തിൽ അതായത് ൧൯൨൧-ൽ മൂന്നു സ്ഥലങ്ങളിൽ കന്നുകാലി പ്രദർശനങ്ങൾ നടത്തി.

സ്ഥലം	തിയ്യതി
ചാലക്കുടി	൩൦—൨—൧൯൨൧
തൃശ്ശിവപേരൂർ	൧൦—൩—൧൯൨൧
പരത്തിപ്പറ	൧൪—൩—൧൯൨൧

(ബി) അതെ. പ്രദർശനങ്ങൾ കന്നുകാലിച്ചന്തകളിൽ വച്ചുതന്നെയാണ് സാധാരണ നടത്താറ്.

(സി) കന്നുകാലിച്ചന്തകളിലല്ലാതെ പ്രദർശനങ്ങൾ ഈ കൊല്ലത്തിൽ നടത്തിയിട്ടില്ല.

(ഡി) ചാലക്കുടി ചന്തസ്ഥലം—മിസ്റ്റർ കെ. വി. ദേവസ്സി.
തൃശ്ശിവപേരൂർ കന്നുകാലിച്ചന്ത—തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റി
പരത്തിപ്പറ ചന്തസ്ഥലം—മിസ്സിസ്സ് ജെ. വി. അക്കരപ്പറമ്പി.

(ഇ) (സി) എന്ന ഉപചോദ്യത്തിനു കൊടുത്തിട്ടുള്ള ഉത്തരം അനുസരിച്ച് ഇതിനു മറുപടി ആവശ്യമില്ല.

(എഫ്) സഹായധനം ആവശ്യമുണ്ടെന്നു തോന്നുന്നപക്ഷം കൊടുക്കാവുന്നതാണ്.

(ജി) കന്നുകാലി പ്രദർശനം നടത്തുന്നതിനു് അതാതു താലൂക്കിൽ കൃഷി ഇൻസ്പെക്ടർമാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതു്. കൃഷി ഡയറക്ടരുടെ ഉത്തരവോടുകൂടി കൃഷി ഇൻസ്പെക്ടർക്ക് സഹായധനം കൊടുക്കാം.

(എച്ച്) ഉവ്വ്.

(ഐ) തലപ്പിള്ളി താലൂക്കിൽ ൧൯൨൧ തുലാം ൧൪-ാംനു പരത്തിപ്പറ ചന്തയിൽവെച്ചു നടത്തിയ കന്നുകാലിപ്രദർശനത്തിനു ചിലവുചെയ്ത കണക്കു ടി താലൂക്ക് കൃഷി ഇൻസ്പെക്ടർ ഡയറക്ടർക്ക് പാസ്സാക്കുന്നതിനായി അയച്ചിട്ടുണ്ട്. അതോടുകൂടി പണം കൊടുക്കാത്ത ൧൯൨൪-ക്ക് വി. രങ്കനാഥമല്ലൻ എന്നാളുടെ (ഷെഡ്ഡുകളും മറ്റും പണിചെയ്തവകക്ക്)നു വൌച്ചറുകൾ കൃഷി ഇൻസ്പെക്ടർ ഡയറക്ടർക്ക് അയച്ചിട്ടുണ്ട്. ഈ വൌച്ചർ പ്രകാരം പണം കൊടുത്തിട്ടില്ല. താനല്ല ഷെഡ്ഡുകളും മറ്റും പണി ചെയ്തതു് എന്നു പറഞ്ഞു രങ്കനാഥമല്ലൻ പിന്നീട് ഒരു സ്റ്റേറ്റുമെന്റു് ഡയറക്ടർക്കു കൊടുത്തിട്ടുണ്ട്. ഷെഡ്ഡുകളും മറ്റും ഒരു എം. ഒ. കുഞ്ഞമ്മയാണ് പണിചെയ്തതു് എന്നു പറഞ്ഞു് ഒരു അപേക്ഷ അവർ അയച്ചിട്ടുണ്ട്. ഈ കാര്യം അന്വേഷണത്തിലിരിക്കുന്നു.

SUGAR-CANE CULTIVATION

765. മിസ്റ്റർ ആർ. എസ്സ്. തേവണ്ണഗൗണ്ടർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മേണ്ടിൽനിന്നും സദയം മറുപടി പറയാമോ.—

(എ) കരിമ്പു കൃഷിയെപ്പറ്റിയുള്ള വിളംബരത്തിനു മുമ്പ് ചിറ്റൂർ താലൂക്ക് കൊഴിഞ്ഞാമ്പാറ ഫക്കായിൽ സർക്കാരിൽനിന്നും എത്ര നെല്ല് ഓരോ കൊല്ലത്തിലും വാങ്ങിട്ടുണ്ട്;

(ബി) ടി വിളംബരത്തിനു ശേഷം ടി ഫക്കായിൽനിന്നും എത്ര നെല്ല് ഓരോ കൊല്ലത്തിലും വാങ്ങിയിട്ടുണ്ട്?

റാവു സാഹിബ് എം. എം. പോൾ :

(എ) & (ബി) ൧൯൨൬-ലാണ് സർക്കാരിൽ നിന്നും നേരിട്ടു നെല്ലെടുപ്പ് പദ്ധതി നടപ്പിൽ വരുത്തിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ഫ ഫ ഫ വ ഇടവമാസം ഒന്നാംതിയ്യതി ഉണ്ടായ വിളംബരതിയ്യതിവരെ ആകെ വാങ്ങിയ നെല്ല് പറ ഫ, ന്യ വ, ൻന്യ ഫ. ഫ ഫ ഫ വ-ൽ അതിനു ശേഷം വാങ്ങിയ നെല്ല് പറ ന, ഒവ ഠ, ആകെ ഫ ഫ ഫ വ-ൽ വാങ്ങിയ നെല്ല് പറ ഫ, ഒ ഫ, ഒ ർ ഫ.

ഫ ഫ ഫൻ-ൽ ആകെ വാങ്ങിയ നെല്ല് പറ ഫ, ങ്ങ വ, ഫൻന്യ.

ഫ ഫ ഫ ഠ-ൽ ഫ, വ ന്യ, ഫ ഒ ർ.

ഫ ഫ ഫ ഫ-ൽ ങ— ർ—ഫൻ ർ ന്യ/ഫ ന—വ—ഫ ഫ വരെ ആകെ വാങ്ങിയ നെല്ല് ഫ, ർൻ, വ ന ഫ പറ.

AUCTION OF TODDY SHOPS

766. മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ. —

(എ) കള്ളുഷാപ്പ് ഗവണ്മെണ്ടിൽനിന്നും ലേലം വിളിക്കുന്ന അവസരത്തിൽ ടി ഷാപ്പ് ഏതെങ്കിലും പ്രത്യേകസ്ഥാനത്തു് സ്ഥാപിക്കേണമെന്നു്. നിബന്ധനയുണ്ടോ; ഉണ്ടെങ്കിൽ ടി ഷാപ്പ് സ്ഥാപിക്കുന്ന സ്ഥലത്തിന്റെ അതൃത്തികൾ നിശ്ചയിക്കാറുണ്ടോ;

(ബി) തലപ്പിള്ളി താലൂക്കിലുള്ള പുതുശ്ശേരി കള്ളുഷാപ്പ് ന ഠ ന്യ/ഫ ഫ ശരിയായി ഏതു വില്ലേജ് ഏതു ദേശത്തു് ഏതു അതൃത്തിക്കുള്ളിൽ സ്ഥപിക്കേണ്ടതാണു്;

(സി) ഇപ്പോൾ ടി ഷാപ്പ് ഏതു വില്ലേജ് ഏതു ദേശത്തു് ഏതു അതൃത്തിക്കുള്ളിലാണു് സ്ഥിതി ചെയ്യുന്നതു്;

(ഡി) ടി ഷാപ്പ് ശരിയായ സ്ഥാനത്തല്ല സ്ഥാപിച്ചിട്ടുള്ളതെന്നു കാണിച്ചു് ആരെങ്കിലും ആക്ഷേപങ്ങൾ ഗവണ്മെണ്ടിലേക്കയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രണ്ണം എതേതു തിയ്യതികളിൽ; ടി ആക്ഷേപങ്ങൾ മേശപ്പുറത്തു വെയ്ക്കാമോ;

(ഇ) ഗവണ്മെണ്ടു് ഈ ആക്ഷേപങ്ങളെ അടിസ്ഥാനമാക്കി പുതുശ്ശേരി കള്ളുഷാപ്പ് (ന ഠ ന്യ/ഫ ഫ) മാറ്റി നീക്കുവാൻ കല്പന അയച്ചിട്ടുണ്ടോ; ആ കല്പന മേശപ്പുറത്തു് ദയവായി വയ്ക്കാമോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) (ഫ) ചില ഷാപ്പുകളെ സംബന്ധിച്ചു് നിബന്ധന ചെയ്യാറുണ്ടു്.

(ഫ) ഉവ്വു്. അങ്ങിനെ നിബന്ധന ചെയ്യാറുള്ള ഷാപ്പുകളുടെ അതൃത്തികൾ ലേല പരസ്യത്തിൽ പ്രസിദ്ധപ്പെടുത്താറുണ്ടു്.

(ബി) തലപ്പിള്ളി താലൂക്കിൽ ചെമ്മന്തട്ട വില്ലേജിൽ വടക്ക കറളിപ്പാടം, കിഴക്ക പുതുശ്ശേരിയിലുള്ള ചിറളയം ചിറപ്പാട്ടു്, തെക്ക പാറക്കളത്തേക്കുള്ള നാട്ടുവഴി, പടിഞ്ഞാറ്റ തെക്കെക്കര ഇയ്യപ്പൻ വക പറമ്പു് ഈ അതൃത്തികൾക്കുള്ളിൽ പെട്ട ഏതെങ്കിലും പ്രദേശത്തു് ആവാം.

(സി) ഫ ഫ ഫ തുലാം ഫ ഫ-ാംന-വരെ കാണിപ്പയ്യൂർ വില്ലേജ് ടി ദേശത്തു് വടക്ക കണക്കൻ മാടമ്പി കടിയിരുപ്പു് പറമ്പു്, കിഴക്ക പഞ്ചായത്തുറോഡു്, തെക്ക തൃശ്ശിവപേരൂർ കുന്നംകുളം റോഡു്, പടിഞ്ഞാറ തെക്കെക്കര ഇയ്യപ്പൻ വക പറമ്പു്, ഈ അതൃത്തികൾക്കുള്ളിലും അതിനു ശേഷം ചെമ്മന്തട്ട വില്ലേജ് പുതുശ്ശേരി ദേശത്തു് വടക്ക നാട്ടുവഴി, കിഴക്ക പഞ്ചായത്തുറോഡു്, തെക്ക പ്ലാക്കൽ വറുതപ്പൻ കടിയിരുപ്പു് പറമ്പു്, പടിഞ്ഞാറ അഞ്ജനപറമ്പു് എന്നീ അതൃത്തിക്കുള്ളിലും.

(ഡി) (ഫ) ഉവ്വു്. (ഫ) അഞ്ചെണ്ണം. (ന) ഫ ഫ ഫ ഠ മിഥുനം ഫ ർ-ാംന-, ഫ ഫ ഫ ഠ കർക്കടകം ഫ ഫ-ാംന-, ഫ ഫ ഫ ഫ ചിങ്ങം ഫ ഫ-ാംന-, ഫ ഫ ഫ ഫ കന്നി ഒ-ാംന-, ഫ ഫ ഫ ഫ തുലാം ഫ ന-ാംന-. (ർ) ടി ആക്ഷേപങ്ങളുടെ പകർപ്പു് അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix V)*

(ഇ) ഉവ്വു്. ആ കല്പനയുടെ ഒരു പകർപ്പു് അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix V)*

COCHIN VERUMPATTAMDAR'S ACT—AMENDING BILLS

767. Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will Government be pleasd to state.—

(*a*) what is the number of amending Bills brought by the Government to amend the Cochin Verumpattambars' Act passed into law in Kumbham 1118;

(*b*) what is the number of amending Bills brought by non-official members on the same Act?

LIBRARY ARCHIVES Kerala Legislative Assembly